**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5451** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) | സ്വന്തമായി ഭവനം ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നു. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹത പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിൽ ധനസഹായം പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ മേഖലകളിൽ യഥാക്രമം 3.75 ലക്ഷം/4.5 ലക്ഷം/6 ലക്ഷം എന്നീ നിരക്കിൽ ധനസഹായം നൽകുന്നു. ഗുണഭോക്താക്കൾ സ്വമേധയാ കുടിവെള്ളം, വൈദ്യുതി സഞ്ചാരയോഗ്യമായ വഴി എന്നിവയുള്ള ഭൂമി കണ്ടെത്തുകയും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്യുന്നു. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്ര പേർക്ക് എത്ര ഏക്കർ വീതം ഭൂമി വാങ്ങി നൽകിയെന്നും അത് ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ; | (സി) | 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിനു സ്വന്തമായി ഭവനം ഇല്ലെങ്കിൽ ആയത് നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നു. 2. തെരഞ്ഞെടുക്കപ്പെടുന്ന ഗൃഹനാഥൻ/ഗൃഹനാഥയുടെ കുടുംബത്തിലെ വ്യക്തികളുടെ പേരിൽ ഭൂമി ഉണ്ടാകാൻ പാടില്ല. ആയത് തെളിയിക്കുന്ന സാക്ഷ്യപത്രം വില്ലേജ് അധികൃതരിൽ നിന്നും ഹാജരാക്കണം. 3. വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കണം. 4. |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഗുണഭോക്താക്കളോട് വാസയോഗ്യമായ ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. 5. വാസയോഗ്യമായ ഭൂമി കണ്ടെത്തുന്ന ഗുണഭോക്താവിനു ഭൂമി ഏത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു കീഴിലാണോ വരുന്നത് ആയതിനു അനുസരിച്ച് അനുവദനീയമായ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. 6. ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് കുടിവെള്ളം, വൈദ്യുതി, സഞ്ചാരയോഗ്യമായ വഴി എന്നിവ ബോധ്യപ്പെടുന്ന പക്ഷം രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുകയും ഗുണഭോക്താവിനു ഭൂമി നൽകുന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ ധനസഹായ തുക അനുവദിക്കുന്നു. |
| (ഡി) | പദ്ധതി പ്രകാരം ഭൂമി തെരഞ്ഞെടുക്കുന്നതെങ്ങനെയെന്ന് അറിയിക്കാമോ? | (ഡി) | ഗുണഭോക്താവ് സ്വന്തം ഇഷ്ടപ്രകാരമാണ് വാസയോഗ്യമായ ഭൂമി തെരഞ്ഞെടുക്കുന്നത്. ധനസഹായമായി അനുവദിക്കുന്ന തുകയ്ക്ക് അനുവദനീയമായ പരമാവധി ഭൂമി വാങ്ങാവുന്നതാണ്. കുടിവെള്ളം, വൈദ്യുതി, സഞ്ചാരയോഗ്യമായ വഴി എന്നിവയുള്ള ഭൂമിയാണ് തെരഞ്ഞെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | ഭൂമിയുടെ വിസ്തീർണ്ണം (ഏക്കർ) | ഗുണഭോക്താവ് (എണ്ണം) |
|---|---|---|
| തിരുവനന്തപുരം | 121.97 | 2498 |
| കൊല്ലം | 98.81 | 1924 |
| പത്തനംതിട്ട | 65.36 | 1215 |
| ആലപ്പുഴ | 54.034 | 1109 |
| കോട്ടയം | 59.083 | 1124 |
| ഇടുക്കി | 62.56 | 956 |
| എറണാകുളം | 111.384 | 2245 |
| തൃശ്ശൂർ | 81.540 | 1787 |
| പാലക്കാട് | 125.016 | 2339 |
| മലപ്പുറം | 67.76 | 1312 |
| കോഴിക്കോട് | 77.52 | 1516 |
| വയനാട് | 55 | 748 |
| കണ്ണൂർ | 63.5 | 1034 |
| കാസർഗോഡ് | 62.11 | 880 |
| **ആകെ** | **1105.647** | **20687** |

**സെക്ഷൻ ഓഫീസർ**